**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **03-02-2026 - ൽ മറുപടിയ്ക്ക്**

**വരന്തരപ്പിള്ളി പഞ്ചായത്തിലെ ഐ. സി. സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി. അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ ഐ. സി. സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ. ഒ. സി. ലഭിക്കുന്നതിനായി സ്കൂൾ മാനേജർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ N3/337/2020-G.EDN നമ്പർ ഫയലിൽ പരിശോധിക്കുകയും ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന്, 01.03.2019-ലെ സ.ഉ.(എം.എസ്) നം.22/2019/പൊ.വി.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് 17.09.2022-ലെ കത്ത് പ്രകാരം പ്രൊപ്പോസൽ തിരിച്ചയയ്ക്കുകയുമുണ്ടായി. എന്നാൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നില്ല. ഇതേ ആവശ്യം ഉന്നയിച്ച് വീണ്ടും സർക്കാരിൽ നിവേദനം സമർപ്പിച്ചതിനെത്തുടർന്ന് , ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കാൻ 29.08.2025-ലെ N3/202/2025/GEDN നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും കഴിഞ്ഞ ഇരുപത് വർഷത്തിലധികമായി സി. ബി. എസ്. ഇ. സിലബസിൽ പ്രവർത്തിച്ചുവരുന്നതുമായ ഐ. സി. സി. ഇംഗ്ലീഷ് മീഡിയം സ്കൂൾ, എൻ. ഒ. സി. യ്ക്കായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ N3/337/2020-G.EDN നമ്പർ ഫയലിൽ പരിശോധിക്കുകയും ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന്, 01.03.2019-ലെ സ.ഉ.(എം.എസ്) നം.22/2019/പൊ.വി.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് |

| | | | |
|---|---|---|---|
| | | | 17.09.2022-ലെ കത്ത് പ്രകാരം പ്രൊപ്പോസൽ തിരിച്ചയയ്ക്കുകയുമുണ്ടായി. എന്നാൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നില്ല. ഇതേ ആവശ്യം ഉന്നയിച്ച് വീണ്ടും സർക്കാരിൽ നിവേദനം സമർപ്പിച്ചതിനെത്തുടർന്ന് , ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കാൻ 29.08.2025-ലെ N3/202/2025/GEDN നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ